പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1571 11.08.2017-ലെ മറുപടി

## കെ.എസ്.ആർ.ടി.സി യുടെ കമ്പ്യൂട്ടർവൽക്കരണപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. തോമസ് ചാണ്ടി |
| " എ.പി. അനിൽ കുമാർ | (ഗതാഗത വകുപ്പ് മന്ത്രി) |
| " വി.ടി. ബൽറാം | |
| " വി.ഡി. സതീശൻ | |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ കമ്പ്യൂട്ടർവൽക്കരണ പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് ITS (Intelligent Transport System) ഏർപ്പെടുത്തുന്നതിനായി സർക്കാർ ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത TSP-കളിൽ നിന്നും പദ്ധതികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. നിലവിൽ മൂന്ന് TSP-കളിൽ നിന്നും ലഭ്യമായ പദ്ധതികൾ വിലയിരുത്തിവരുന്നു. |
| (ബി) | കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് ട്രാൻസ്പോർട്ടിനെ കമ്പ്യൂട്ടർവൽക്കരണപദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്താണ്; | (ബി) | ഇല്ല.<br>CIRT കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി ലെ ഏത് വിഭാഗത്തിനാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല;നിലവിൽ ഈ വിഭാഗത്തിൽ പ്രവർത്തിക്കു | (സി) | കെ.എസ്.ആർ.ടി.സി.യിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല. PGDCA അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരും, മിനിസ്റ്റീരിയൽ |

| | | | |
|---|---|---|---|
| | ന്നവരുടെ അടിസ്ഥാനയോഗ്യത യെന്താണ് ; | | വിഭാഗത്തിലുള്ള ജീവനക്കാരിൽ കമ്പ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനമുള്ളവരെയുമാണ് ഈ വിഭാഗത്തിലേക്ക് പരിഗണിച്ചിട്ടുള്ളത്. |
| (ഡി) | എത്ര തുകയാണ് കമ്പ്യൂട്ടർവൽക്കരണത്തിന് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18-ൽ 4.50 കോടി രൂപ കമ്പ്യൂട്ടർവൽക്കരണത്തിനായി വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**